
മുദ്രകൾ

# തഫ്ഹീമുൽ ഖുർആൻ മലയാളം പതിപ്പ് ഇനി ഇന്റർനെറ്റിലും

**തഫ്ഹീമുൽ** ഖുർആന്റെ മലയാളം ഡിജിറ്റൽ പതിപ്പ് ഇനി ഇന്റർനെറ്റിലും ലഭ്യമാവുകയാണ്. നേരത്തെ സി.ഡി, ഡി.വി.ഡി രൂപത്തിൽ ലഭ്യമായ സോഫ്റ്റ്‌വെയർ പതിപ്പിന്റെ എല്ലാ സവിശേഷതകളും നിലനിർത്തുന്നതോടൊപ്പം പുതിയ ചില സേവനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് വെബ് പതിപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്.

ഇന്റർനെറ്റിലൂടെ ലഭ്യമാക്കാവുന്ന അറിവിന്റെ ശേഖരം അപരിമേയമാണ്. വിശുദ്ധ ഖുർആൻ ഉൾപ്പെടെയുള്ള ഇസ്‌ലാമിക വിജ്ഞാനങ്ങൾക്ക് ഇന്ന് ഇന്റർനെറ്റിൽ വലിയൊരു ശേഖരം തന്നെയുണ്ട്. ഖുർആന്റെ നൂറുക്കണക്കിന് വ്യാഖ്യാന ഗ്രന്ഥങ്ങളും വിവിധ ലോക ഭാഷകളിലേക്കുള്ള മൊഴിമാറ്റങ്ങളും വ്യത്യസ്ത ഖാരിഉകളുടെ വിവിധ രീതിയിലെ ഖുർആൻ പാരായണങ്ങളും ഖുർആൻ പഠനവുമായി ബന്ധപ്പെട്ട ഓഡിയോ, വീഡിയോ ശേഖരങ്ങളും നെറ്റിൽ ലഭ്യമാണ്. ഇക്കൂട്ടത്തിൽ മലയാള ഭാഷക്ക് കാര്യമായ വിഹിതമുണ്ടായിരുന്നില്ല. ഈ വിടവ് നികത്താൻ തഫ്ഹീമുൽ ഖുർആന്റെ മലയാളം വെബ് എഡിഷന് ഏറെക്കുറെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

ടെക്നോളജിയുടെ വികാസം, നമ്മുടെ വായനാശീലത്തെ പുസ്തകത്താളുകളിൽ നിന്ന് അതിവേഗം കമ്പ്യൂട്ടർ സ്ക്രീനിലേക്ക് പറിച്ചു നട്ടുകൊണ്ടിരിക്കുകയാണ്. പുസ്തകത്തെ അപേക്ഷിച്ച് ഡിജിറ്റൽ വായനക്ക് ഒരുപാട് മികവുകളുണ്ട്. ഈ മികവുകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ വിഖ്യാത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്ഹീമുൽ ഖുർആന്റെ മലയാളം കമ്പ്യൂട്ടർ പതിപ്പ് തയാറാക്കിയത്. ഒന്നേകാൽ വർഷത്തോളം നീണ്ടുനിന്ന കഠിനാധ്വാനത്തിന്റെ ഫലമായി പുറത്തിറങ്ങിയ സോഫ്റ്റ്‌വെയർ മലയാളി സമൂഹം അത്യധികം ആവേശത്തോടെയാണ് ഏറ്റുവാങ്ങിയത്. ലളിതമായ മുഖപ്പേജ്, ഉപയോക്താവുമായി പെട്ടെന്ന് സൗഹൃദത്തിലാവുന്ന സോഫ്റ്റ്‌വെയർ ഘടന, എളുപ്പത്തിൽ പരിശീലിക്കാവുന്ന ഉപയോഗക്രമം തുടങ്ങിയവയൊക്കെ ഡിജിറ്റൽ പതിപ്പിന്റെ സവിശേഷതകളായിരുന്നു.



ഉസ്മാനി ലിപി, ഖുർആൻ പദങ്ങളുടെ വാക്കർഥം, മലയാളത്തിലും ഇംഗ്ലീഷിലും ആയത്തുകളുടെ അർഥം, വ്യത്യസ്ത രീതികളിൽ ഇൻഡക്സ് സൗകര്യം, ഖുർആൻ ആദ്യം മുതൽ പേജ് മറിച്ച് വായിക്കാനും പാരായണം കേൾക്കാനും സൗകര്യം, മൂന്ന് പ്രശസ്ത ഖാരിഉകളുടെ പാരായണം, തഫ്ഹീമിലെ ആയിരക്കണക്കിന് പദങ്ങളുടെ വിശദീകരണം, വിപുലമായ സെർച്ച് സൗകര്യം, തജ്‌വീദ് പഠനത്തിന് പ്രത്യേകം സംവിധാനം, സന്ദർഭോചിതമായി തെരഞ്ഞെടുക്കാവുന്ന ചിത്രങ്ങളുടെയും മാപ്പുകളുടെയും ശേഖരം, വീഡിയോ ക്ലിപ്പുകൾ, ഖുർആൻ പഠനത്തിലേക്ക് വെളിച്ചം പകരുന്ന ഈടുറ്റ ലേഖനങ്ങൾ, ഖുർആൻ ക്വിസ് തുടങ്ങിയ ഉള്ളടക്കങ്ങൾ ഇതിനെ കിടയറ്റ സോഫ്റ്റ്‌വെയറാക്കി. കേവലം പേജ് മറിച്ചുള്ള വിരസമായ വായനാ രീതിക്ക് പകരം ഡിജിറ്റൽ സംവിധാനത്തിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തി തഫ്ഹീമുൽ ഖുർആന്റെ വിവര വൈപുല്യങ്ങളിലേക്ക് അനായാസം വായനക്കാരെ എത്തിക്കാനാവശ്യമായ മാർഗങ്ങൾ അവലംബമാക്കിയപ്പോൾ മലയാളം സോഫ്റ്റ്‌വെയർ രംഗത്ത് പുതിയൊരു മുന്നേറ്റത്തിന് തന്നെ തുടക്കം കുറിക്കുകയായിരുന്നു.

തഫ്ഹീം വെബ് പതിപ്പിൽ, നേരത്തെ ലഭ്യമായിരുന്ന അലി അബ്ദുർറഹ്മാൻ അൽഹുദൈഫി, അഹ്മദ് അൽഅജമി, സഅദ് അൽഗാംദി എന്നിവരുടെ പാരായണത്തിന് പുറമെ അബ്ദുൽ ബാസിത്, മുഹമ്മദ് അയ്യൂബ്, അബ്ദുല്ല ബസ്ഫർ, മഹ്മൂദ് ഹുസരി, മിൻശാവി, ഹാനി റാഫി, മസ്ജിദുൽ ഹറാമിലെ ഇമാമുമാരായ ശൈഖ് സുദൈസ്, ശൈഖ് ശുറൈം തുടങ്ങിയ പതിനാറ് ലോകപ്രശസ്ത ഖാരിഉകളുടെ പാരായണം കേൾക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ഖുർആന്റെ ഇംഗ്ലീഷ് മൊഴിമാറ്റത്തിന്റെ ഓഡിയോ ആവിഷ്ക്കാരവും കേൾക്കാൻ സംവിധാനമുണ്ട്. ഖുർആൻ സൂക്തങ്ങളുടെ അറബി ടെക്സ്റ്റ് 'തൻസീൽ ഡോട്ട് ഇൻഫോ' (tanzil.info) എന്ന വെബ്സൈറ്റിൽ നിന്നാണ് എടുത്തിരിക്കുന്നത്. അറബിക് യൂണികോഡിൽ തയാറാക്കി സ്വതന്ത്ര ഉപയോഗത്തിനായി സമർപ്പിക്കപ്പെട്ട ഇതിലെ ഖുർആൻ ടെക്സ്റ്റ് അത്യധികം ആകർഷകമാണ്.

തഫ്ഹീമിന്റെ മലയാളം പദങ്ങളിൽ സെർച്ച് ചെയ്യാനുള്ള സൗകര്യവും വെബ് പതിപ്പിന്റെ പ്രത്യേകതയാണ്. സ്ക്രീനിന്റെ ഇടതു ഭാഗത്തുള്ള കീബോർഡ് ലേഔട്ടിൽ മൗസ് ക്ലിക്ക് ചെയ്ത് പദങ്ങൾ നൽകാവുന്നതാണ്. സോഫ്റ്റ്‌വെയർ പതിപ്പിനെ അപേക്ഷിച്ച് വെബ് പതിപ്പിന്റെ പേജ് രൂപകൽപന കുറച്ചുകൂടി ലളിതവും ആകർഷകവുമാണ്. പേജ് ഡിസ്‌പ്ലേ ഘടനയുടെ സങ്കീർണതകൾ പരമാവധി ഒഴിവാക്കി അതിവേഗം വിവരങ്ങൾ ലഭിക്കാനുള്ള സങ്കേതങ്ങളാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പേജുകളുടെ ഇടതുവശത്ത് ക്രമീകരിച്ച മെനുകളിൽ മൗസ് ബട്ടൺ ക്ലിക്ക് ചെയ്ത് ബന്ധപ്പെട്ട ഉപപേജുകളിലേക്ക് അതിവേഗം എത്തിച്ചേരാം. വിശുദ്ധ ഖുർആൻ സംബന്ധിച്ച കൂടുതൽ പഠനത്തിന് സഹായകമായ ഏതാനും സൈറ്റുകളിലേക്ക് ലിങ്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2008 ഒക്ടോബറിൽ തഫ്ഹീമുൽഖുർആന്റെ മലയാളം ഡിജിറ്റൽ പതിപ്പ് പുറത്തിറക്കിയപ്പോൾ തന്നെ, ഇതിന് ഓൺലൈൻ പതിപ്പ് കൂടി വേണമെന്ന് ആവശ്യമുയർന്നിരുന്നു. വെബ് സൈറ്റ് കോർഡിനേറ്ററായ കെ.എ നാസറിന്റെ നേതൃത്വത്തിൽ ഒരുപറ്റം പ്രവർത്തകർ ഏറെക്കുറെ സന്നദ്ധ സേവനമെന്ന നിലക്കുതന്നെ ഈ ദൗത്യം ഏറ്റെടുക്കുകയും ചെയ്തു. വെബ് പതിപ്പിന്റെ ഡാറ്റാബെയ്സ് തയാറാക്കിയ കെ.ടി ഹനീഫ്, സൈറ്റിന്റെ രൂപകൽപനയിൽ മുഖ്യ പങ്കുവഹിച്ച ഷൈജർ നവാസ്, നബീൽ കല്ലായിൽ, ടി. അഹ്മദ് മുഹ്സിൻ, സി.ടി അബൂദർറ്, ഫായിസ് മായനാട്, ശഹീൻ മായനാട്, ശിഫാന കല്ലായി, അൻഷദ് വണ്ടാനം, ജലീൽ ഒതളൂർ എന്നിവരുടെ സേവനങ്ങൾ പ്രത്യേകം പരാമർശമർഹിക്കുന്നു.

സോഫ്റ്റ്‌വെയർ പതിപ്പിൽ കണ്ടെത്തിയ ചെറിയ പിഴവുകൾ വെബ് പതിപ്പിൽ തിരുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പാകപ്പിഴവുകൾ തിരുത്താൻ സാധിക്കുമെന്നതും വെബ് പതിപ്പിന്റെ സവിശേഷതയാണ്. 'തഫ്ഹീം ഡോട്ട് നെറ്റ്' (http://thafheem.net) എന്നാണ് വിലാസം. ■

വി.കെ. അബ്ദു vkabdu@gmail.com

# പ്രവീൺ സ്വാമിക്കെതിരെ ജമാഅത്ത് കോടതിയിലേക്ക്

**ഇന്ത്യൻ** ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വാസ്തവവിരുദ്ധവും അപകീർത്തികരവുമായ പരാമർശങ്ങൾ നടത്തിയതിന് *ഹിന്ദു* ദിനപത്രത്തിന്റെ സീനിയർ കറസ്പോൺഡന്റ് പ്രവീൺ സ്വാമിക്കെതിരെ

ജമാഅത്ത് നിയമനടപടികൾക്കൊരുങ്ങുന്നു. "മുസ്‌ലിം സംഘടനകളെ പ്രത്യേകിച്ച് ജമാഅത്തെ ഇസ്‌ലാമിയെ താറടിച്ച് കാണിക്കുന്ന ഈ നയം തുടരാനാണ് ഭാവമെങ്കിൽ നിയമനടപടിക്കൊരുങ്ങുകയല്ലാതെ ഞങ്ങൾക്ക് വേറെ മാർഗമില്ല." *ഹിന്ദു*വിന്റെ എഡിറ്റർക്ക് അയച്ച കത്തിൽ ജമാഅത്തിന്റെ മീഡിയാ കോർഡിനേറ്റർ ഡോ. എസ്.ക്യു.ആർ ഇൽയാസ് എഴുതി. *ഹിന്ദു* പ്രസിദ്ധീകരിച്ച 'ഇസ്‌ലാമിസം, മോഡേണിറ്റി, ആന്റ് ഇന്ത്യൻ മുജാഹിദീൻ' (2010 മാർച്ച് 23) എന്ന പ്രവീൺ സ്വാമിയുടെ ലേഖനത്തിലാണ് വാസ്തവവിരുദ്ധമായ പരാമർശങ്ങളുള്ളത്.

മുസ്‌ലിം സംഘടനകളെയും ജമാഅത്തെ ഇസ്‌ലാമിയെയും അപവദിക്കുന്ന ശൈലിയിലാണ് പ്രവീൺ സ്വാമി കുറെക്കാലമായി എഴുതിവരുന്നതെന്നും അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് *ഹിന്ദു*വിലെ ലേഖനമെന്നും ഇൽയാസ് പറഞ്ഞു: "ക്രിയാത്മകവും എന്നാൽ സമാധാനപരവുമായ ഒരു പ്രവർത്തന പാരമ്പര്യമാണ് ജമാഅത്തെ ഇസ്‌ലാമിക്കുള്ളത്. തീർത്തും സുതാര്യമാണ് അതിന്റെ പ്രവർത്തനശൈലി. ഇത്തരം ആരോപണങ്ങൾ പരിഹാസ്യവും തെറ്റിദ്ധാരണ പരത്തുന്നതുമാണ്." ■

# പത്രപ്രവർത്തനത്തിന് സ്കോളർഷിപ്പ് നൽകുന്നു

ദൽഹിക്കടുത്ത് നോയിഡ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷനൽ മീഡിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ഐ.എം.ഐ.ഐ) മുസ്‌ലിം വിദ്യാർഥികൾക്ക് ജേർണലിസത്തിൽ സ്കോളർഷിപ്പ് നൽകുന്നു. മൾട്ടി മീഡിയ ജേർണലിസത്തിൽ പതിനൊന്ന് മാസത്തെ ഡിപ്ലോമ കോഴ്സായിരിക്കും. 2010 ജൂലൈ 5-ന് ക്ലാസ്സുകൾ ആരംഭിക്കും. അമ്പതിനായിരം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കാം. 45 ശതമാനത്തിലധികം മാർക്ക് ലഭിച്ച ബിരുദധാരികൾക്ക് അപേക്ഷിക്കാം.

ഹൈദരാബാദിൽ ജനിച്ച് അമേരിക്കയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോ. നജ്മ സുൽത്താനയാണ് ഈ സ്കോളർഷിപ്പ് ഏർപ്പെടുത്തിയത്. ഐ.എം.ഐ.ഐ നേരിട്ട് നടത്തുന്ന കോഴ്സിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രഗത്ഭ മാധ്യമ പ്രവർത്തകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ന്യൂയോർക്കിലെ സിറ്റി യൂനിവേഴ്സിറ്റിക്ക് കീഴിലുള്ള ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് ജേർണലിസവുമായാണ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്.

ദലിത്, ആദിവാസി, പിന്നാക്ക വിഭാഗത്തിൽ പെടുന്ന ജേർണലിസം വിദ്യാർഥികൾക്ക് ജെയ്ൻ ലൂയിസ് സ്കോളർഷിപ്പും സ്ഥാപനം നൽകുന്നുണ്ട്.

വിവരങ്ങൾക്ക്:
jodymcp@yahoo.com
വിലാസം: Internation Media Institute of India
D 59, Sector 2, Noida- 201301 (UP)
Phone: 01204228464, 9717966557